Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

നമ്പർ. KITE/2019/1275(4) തീയതി : 27.09.2019

## സർക്കുലർ

വിഷയം :- കൈറ്റ് – ഐടി മേള – സ്കൂൾതലം മുതൽ ജില്ലാതലം വരെയുള്ള ഐടി ക്വിസ് മത്സര നടത്തിപ്പ് സംബന്ധിച്ച നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:- GO (MS) No 119/2019/പൊ.വി. തീയതി 08.08.2019.

സ്കൂൾ ശാസ്ത്രോൽസവത്തിന്റെ ഭാഗമായുള്ള ഐടി മേളയുടെ ക്വിസ് മത്സരങ്ങൾ കൈറ്റ് തയ്യാറാക്കി ലഭ്യമാക്കുന്ന പൊതുചോദ്യത്തിന്റെ അടിസ്ഥാനത്തിൽ 2019-20 അധ്യയനവർഷം മുതൽ നടത്തണമെന്ന് സൂചന പ്രകാരം ഉത്തരവായിട്ടുണ്ട്. അപ്പർ പ്രൈമറി സ്കൂൾ, ഹൈസ്കൂൾ, ഹയർസെക്കന്ററി/വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ വിഭാഗങ്ങളുടെ ഐടി ക്വിസ് മത്സരം നടത്തുന്നതു സംബന്ധിച്ച നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. മത്സരങ്ങൾ ചുവടെ ചേർത്തിരിക്കുന്ന സമയക്രമം പാലിച്ച് നടത്തേണ്ടതാണ്.

| വിഭാഗം | അപ്പർ പ്രൈമറി സ്കൂൾ | ഹൈസ്കൂൾ | ഹയർസെക്കന്ററി/വൊക്കേഷണൽ ഹയർസെക്കന്ററി |
|---|---|---|---|
| സ്കൂൾതലം | 03.10.2019<br>ഉച്ചയ്ക്ക് 2 മണി മുതൽ | 03.10.2019<br>ഉച്ചയ്ക്ക് 2 മണി മുതൽ | 03.10.2019<br>ഉച്ചയ്ക്ക് 2 മണി മുതൽ |
| ഉപജില്ലാതലം | 15.10.2019<br>രാവിലെ 10.00 മണി മുതൽ | 15.10.2019<br>ഉച്ചയ്ക്ക് 12 മണി മുതൽ | 15.10.2019<br>ഉച്ചയ്ക്ക് 2 മണി മുതൽ |
| റവന്യൂ ജില്ലാതലം | | 22.10.2019<br>രാവിലെ 10.30 മുതൽ | 22.10.2019<br>ഉച്ചയ്ക്ക് 2 മണി മുതൽ |

2. സ്കൂൾതല മത്സരങ്ങൾക്കുള്ള ചോദ്യങ്ങൾ പാസ്‌വേഡ് സംരക്ഷിതമാക്കി schoolsasthrolsavam.in-ൽ ലഭ്യമാക്കുന്നതാണ്. സ്കൂളുകൾക്ക് ശാസ്ത്രോൽസവം ഡാറ്റ എൻട്രിക്ക് ലഭ്യമാക്കിയിട്ടുള്ള യൂസർ നെയിമും പാസ്‌വേഡും ഉപയോഗിച്ച് പ്രസ്തുത വെബ്സൈറ്റിൽ പ്രവേശിച്ച് 'Downloads' ൽ നിന്ന് 03.10.2019 ന് ചോദ്യങ്ങൾ ഡൗൺ ലോഡ് ചെയ്ത് അന്നേ ദിവസം ഉച്ചയ്ക്ക്ശേഷം എല്ലാ സ്കൂളുകളിലും ഐടി ക്വിസ് മത്സരം നടത്തേണ്ടതാണ്.

3. ഡൗൺലോഡ് ചെയ്ത് കിട്ടുന്ന ചോദ്യങ്ങൾ തുറക്കുന്നതിന് മത്സരം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുമ്പ് പ്രഥമാധ്യാപകന് കൈറ്റിന്റെ ജില്ലാ ഓഫീസ്/ചുമതലയുള്ള മാസ്റ്റർ ട്രെയിനർ മുഖേന ലഭ്യമാക്കുന്ന പാസ്‌വേഡ് ഉപയോഗിക്കേണ്ടതാണ്.

4. കൈറ്റ് ജില്ലാ കോർഡിനേറ്റർ മുഖേന ലഭ്യമാക്കുന്ന ചോദ്യങ്ങൾ ഉപയോഗിച്ചാണ് ഉപജില്ലാ, റവന്യൂജില്ലാ തല മത്സരങ്ങൾ നടത്തേണ്ടത്.

5. പ്രസന്റേഷൻ രൂപത്തിൽ തയ്യാറാക്കിയിട്ടുള്ള ചോദ്യങ്ങളാണ് ലഭ്യമാക്കുന്നത്. ആയതിനാൽ ക്വിസ് മത്സരങ്ങൾ മൾട്ടിമീഡിയ പ്രൊജക്ടറിന്റെ സഹായത്തോടെ നടത്തേണ്ടതാണ്.

കെ. അൻവർ സാദത്ത്
വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ

1. സംസ്ഥാന സിലബസ് പിൻതുടരുന്ന എല്ലാ സർക്കാർ, എയ്ഡഡ്, അംഗീകൃത അൺ എയ്ഡഡ് സ്കൂൾ പ്രഥമാധ്യാപകർക്കും - ജില്ലാ കോ-ഓർഡിനേറ്റർ മുഖേന
2. എല്ലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ (ഹയർസെക്കന്ററി), അസിസ്റ്റന്റ് ഡയറക്ടർ (വി.എച്ച്.എസ്.ഇ), വിദ്യാഭ്യാസ ഉപഡയറക്ടർ, ജില്ലാ -ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും - ജില്ലാ കോ-ഓർഡിനേറ്റർ മുഖേന
3. എല്ലാ ജില്ലാ കോ-ഓർഡിനേറ്റർ, മാസ്റ്റർ ട്രെയിനർ കോ-ഓർഡിനേറ്റർ, മാസ്റ്റർ ട്രെയിനർമാർക്കും
4. സ്റ്റോക്ക് ഫയൽ

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ - അറിവിലേക്ക്